കർമ്മശാസ്ത്ര പരിജ്ഞാനമുള്ള ഷണ്ഡിതരെ സംഘടിപ്പിച്ച് ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി നടത്തിയിട്ടുള്ള പഠന ഗവേഷണങ്ങൾക്ക് വമ്പിച്ച ഫലങ്ങളാണുായിട്ടുള്ളത്. മൂല്യവത്തായ പഠനങ്ങളുൾക്കൊള്ളുന്ന ഘനപ്പെട്ട ഒരു മാഗസിൻ അക്കാദമി പ്രസിദ്ധീകരിക്കുന്നു്. സമൂഹത്തിന് ഏറെ ഫലപ്രദമായ പല ചർച്ചകളും സമ്മേളനങ്ങളും അക്കാദമി നടത്തിയിട്ടു്. **ശൈഖ് മുഹമ്മദ് റാബിഅ് നദ്‌വി (ചെയർമാൻ ഓൾ ഇന്ത്യ മുസ്‌ലിം പെഴ്സണൽ ലോ ബോർഡ്)**

## ഓൾ ഇന്ത്യാ ഫിഖ്ഹ് അക്കാദമി

# അഖിലേന്ത്യാ സെമിനാർ

2015 മാർച്ച് 1,2,3 ന്

**ദാറുൽ ഉലൂം ഇസ്‌ലാമിയ്യ, ഓച്ചിറ**

### ചർച്ചാ വിഷയങ്ങൾ

*കുട്ടികളുടെ അവകാശങ്ങൾ,ആഹാര പദാർത്ഥങ്ങളിലെ ഹലാൽ ഹറാമുകളുടെ നിബന്ധന,ഹലാൽ സർട്ടിഫിക്കറ്റിന്റെ മാനദണ്ഡം,അവയവദാനം, അനറബിയിൽ ഖുർആൻ വചനങ്ങൾ എഴുതാമോ?*

“സുപ്രധാനമായ ഈ ചരിത്രമുഹൂർത്തത്തിൽ തന്നെ ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ജന്മംകൊതിൽ എനിക്കുള്ള സന്തോഷവും ചാരിതാർത്ഥ്യവും ഞാനിവിടെ രേഖപ്പെടുത്തട്ടെ. കർമ്മശാസ്ത്ര രംഗത്ത് നിർമ്മാണാത്മകവും അനുഗ്രഹീതവുമായ ഒരു കാൽവെപ്പാണിതെന്നതിൽ സംശയമില്ല. കർമ്മശാസ്ത്രത്തിന്റെ മഹത്തായ ഒരു ഗ്രന്ഥാലയം തന്നെ രൂപപ്പെടാൻ മാത്രം വിശാലമായ ഒരു ചക്രവാളമാണ് ഇവിടെ തുറക്കപ്പെട്ടിരിക്കുന്നത്. ഫലസിദ്ധിയും ദീർഘായുസും നേരുന്നു”

**അല്ലാമാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി**

**ആധുനികമായ 150 ൽ പരം വിഷയങ്ങളിൽ ഇസ്‌ലാമിക പ്രമാണങ്ങളായ പരിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും പൂർവ സൂരികളുടെ രചനകളുടേയും വെളി ച്ചത്തിൽ സംയുക്തമായ തീരുമാനത്തിൽ എത്തിച്ചേർന്ന ഇസ്‌ലാമിക പണ്ഡിതരുടെ പ്രധാന വൈജ്ഞാനിക കൂട്ടായ്മ**

## ഓൾ ഇന്ത്യാ ഇസ്‌ലാമിക് ഫിഖ്ഹ് അക്കാഡമി

### 24 -ാം അഖിലേന്ത്യാ സെമിനാർ

### 2015 മാർച്ച് 1,2,3 തീയതികളിൽ

കേരളത്തിലെ കൊല്ലം ആലപ്പുഴ ജില്ലകളുടെ അതിർത്തിയായ ഓച്ചിറ ദാറുൽ ഉലൂമിൽ വെച്ച് നടക്കുന്നു.

ഫെബ്രുവരി 27 മുതൽ എല്ലാ ദിവസങ്ങളിലും രാവിലെ ആത്മ സംസ്ക രണ സദസ്സ്.

27, 28 തീയതികളിൽ വൈകുന്നേരം മതപ്രഭാഷണം

മാർച്ച് 1 രാവിലെ ഒമ്പത് മണിക്ക് ഫിഖ്ഹ് സെമിനാർ ഉദ്ഘാടന സമ്മേ ളനം.

വൈകുന്നേരം ഏഴു മണി, 2-ാം തീയതി രാവിലെ ഒമ്പത് മണി, വൈകു ന്നേരം ഏഴുമണി, 3-ാം തീയിതി രാവിലെ ഒമ്പത് മണി, സെമിനാർ ചർച്ചകൾ. മാർച്ച് 1 വൈകുന്നേരം നാല് മണിക്ക് സാമൂഹിക സംസ്ക രണ സമ്മേളനം. മാർച്ച് 2 വൈകുന്നേരം പണ്ഡിത സമ്മേളനം.

**3-ാം തീയതി വൈകുന്നേരം നാല് മണി മുതൽ**

**സമാപന മഹാസമ്മേളനം**

**(കൂടാതെ അഞ്ച് ദിവസങ്ങളിലായി നടക്കുന്ന വൈജ്ഞാനിക പ്രദർശനവും)**

ഏവർക്കും സ്വാഗതം. അല്ലാഹു എളുപ്പമാക്കട്ടെ സ്വീകരിക്കട്ടെ.

**ഫിഖ്ഹ് അക്കാഡമി, ദാറുൽ ഉലൂം ഓച്ചിറ**

ജമാഅത്ത്)

മുഫ്തി മഹബൂബ് അലി വജ്ഹി (ഫുർഖാനിയ്യ റാംപൂർ)

മുഫ്തി മുഹ്‌യുദ്ദീൻ (നിസാമിയ്യ ഹൈദരാബാദ്)

മുഫ്തി നദീർ ഖാസിമി (ശ്രീനഗർ)

മൗലാനാ അബ്ദുല്ലാഹ് മദാഹിരി (ഗുജറാത്ത്)

ശൈഖ് ഫസലുർറഹീം മുജദ്ദിദി (രാജസ്ഥാൻ)

**കൂടാതെ കേരളത്തിൽ നിന്നും സാദാത്തുക്ക ളും, ഉലമാ-ഉമറാ മഹത്തുക്കളും, വിദേശ പ്രതിനിധികളും പങ്കെടുക്കുന്നതാണ്.**

# അൽഹസനാത്ത്

**1436 റബീഉൽഅവ്വൽ ലക്കം**

മുസ്‌ലിം അമുസ്‌ലിം ബന്ധങ്ങൾ;
ഇസ്‌ലാമിക വീക്ഷണത്തിൽ

ഓൾ ഇന്ത്യാ ഫിഖ്ഹ് അക്കാഡമി ജനറൽ സെക്രട്ടറി യായ മൗലാനാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനിയുടെ പ്രൗഢോജ്ജ്വല രചന. അവതാരിക അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി.

**വരിക്കാരാകുക, പ്രചരിപ്പിക്കുക**

# സെമിനാറിൽ പങ്കെടുക്കുന്ന പ്രഗത്ഭ പണ്ഡിതൻമാർ

വിശ്വ പണ്ഡിതനും ഓൾ ഇന്ത്യാ മുസ്‌ലിം പഴ്‌സണൽ ലോ ബോർഡ് ചെയർമാനുമായ **അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് നദ്‌വി**യുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെമിനാർ ഉമ്മുൽ മദാരിസ് ബാഖിയാത്തു സ്വാലിഹാത്തിന്റെ മാതൃസ്ഥാപനമായ മക്കത്തുൽ മുകർറമയിലെ അൽ മദ്‌റസത്തു സൗലത്തിയ്യയുടെ അമരക്കാരൻ **ശൈഖ് ഹഷീം അബ്ദുൽ മാജിദ് റഹ്മത്തുല്ലാഹ് ഉസ്മാനി** ഉദ്ഘാടനം ചെയ്യുന്നു.

മൗലാനാ മുഹമ്മദ് സാലിം ഖാസിമി (മുഹ്തമിം ദാറുൽ ഉലൂം ദയൂബന്ദ്)

അല്ലാമാ നിഅ്മത്തുല്ലാഹ് അഅ്സമി (മുഹദ്ദിസ് ദാറുൽ ഉലൂം ദയൂബന്ദ്)

അല്ലാമാ സഈദ് അഅ്സമി (വൈസ് ചാൻസലർ നദ്‌വത്തുൽ ഉലമ, ലക്നോ)

മൗലാനാ ഉസ്മാൻ ഹസ്റത്ത് ( ബാഖിയാത്തു സ്വാലിഹാത്ത് വേലൂർ)

മൗലാനാ ജലാലുദ്ദീൻ അൻസർ ഉമരി (അമീർ, ജമാഅത്തെ ഇസ്‌ലാമി)

മൗലാനാ അഷ്റഫ് അലി ഹസ്റത്ത് (അമീറെ ശരീഅത്ത് കർണാടക)

മൗലാനാ കാകാ സഈദ് ഉമരി (ദാറുസ്സലാം ഉമറാബാദ്)

മൗലാനാ ഇബ്രാഹീം മലബാരി (ശൈഖുൽ ഹദീസ് ഹുസൈനിയ, ശ്രീവർധൻ)

മൗലാനാ ഖാലിദ് റഷീദ് ഫിറങ്കി മഹൽ (ജാമിഅ ഇമാം അബ്ദുൽ ഹയ്യ് ഫിറങ്കിമഹൽ)

മൗലാനാ യാസീൻ ഉസ്മാൻ ബദായൂൺ(ഓൾ ഇന്ത്യാ സുന്നി





**ഒ**രു ഭാഗത്ത്, അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) യിലൂടെ അല്ലാഹു ദീനിനെ പൂർത്തീകരിച്ചു. മറുഭാഗത്ത്, മനുഷ്യന് പുതിയ ചോദ്യങ്ങളും ആവശ്യങ്ങളും ഉായിക്കൊിരിക്കുന്നതുമാണ്. ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും, ആവശ്യങ്ങൾ പൂർത്തീകരിക്കാനും അല്ലാഹു നടത്തിയ സജ്ജീകരണമാണ് ഇസ്‌ലാമിന്റെ ശാശ്വത സമ്പൂർണ്ണ സന്ദേശമായ പരിശുദ്ധ ഖുർആനും, പുണ്യ ഹദീസും, ഇവയെ ശരിയായ നിലയിൽ പഠിച്ചു പകർത്തി പ്രചരിപ്പിക്കുന്ന ഫുഖഹാക്കളും.

റസൂലുല്ലാഹി (സ)യുടെ മടിത്തട്ടിൽ വളർന്ന സ്വഹാബികളിൽ പലരും ഫുഖഹാക്കളായിരുന്നു. തുടർന്ന്, ഇസ്‌ലാമിന്റെ പ്രഥമ യുഗത്തിൽ തന്നെ ഇമാം അബൂഹനീഫ (റ), ഇമാം മാലിക് (റ), ഇമാം ശാഫഈ (റ), ഇമാം അഹ്മദ് (റ) എന്നീ സ്വീകാര്യരായ മഹത്തുക്കളുടെ പിന്നിൽ വിജ്ഞാന കാർമ്മികഗുണങ്ങൾ ഒത്തുചേർന്ന പണ്ഡിത മഹത്തുക്കളുടെ കൂട്ടായ്മ രൂപാന്തരപ്പെട്ടു. ഓരോ കാലത്തും ഉയർന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ഇവർ നൽകി. അതെ, ഇസ്‌ലാമെന്നാൽ സർവ്വകാലികമാണെന്നതിന്റെ വ്യക്തമായ തെളിവാണ് ഇവരുടെ സേവന പ്രവർത്തനങ്ങൾ.

ഇക്കാലഘട്ടത്തിലും നിരവധി ചോദ്യങ്ങളും ആവശ്യങ്ങളും വന്നു. വിശിഷ്യാ, ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വിസ്ഫോടനങ്ങൾ നടക്കുന്നതിനാൽ അവ കൂടിക്കൊിരിക്കുന്നു. എന്നാൽ, ഇസ്‌ലാമിൽ അവയ്ക്കെല്ലാം സുവ്യക്തമായ മറുപടികള്ു്. മുൻഗാമികളുടെ പഠന ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ഈ മഹത്തായ കർത്തവ്യം നിർവ്വഹിക്കാൻ രൂപം കൊ ഒരു

പ്രധാന പണ്ഡിത കൂട്ടായ്മയാണ് ഓൾ ഇന്ത്യാ ഫിഖ്ഹ് അക്കാഡമി. ഇരുപത്തി മൂന്നു സെമിനാറുകളിലായി നിരവധി ആധുനിക വിഷയങ്ങളുടെ ഇസ്‌ലാമിക വീക്ഷണങ്ങൾ കത്തെിയ അക്കാദമിയുടെ ഇരുപത്തിനാലാമത് അഖിലേന്ത്യാ സെമിനാർ 2015 മാർച്ച് 1,2,3 തീയതികളിൽ എളിയ സ്ഥാപനമായ ഓച്ചിറ ദാറുൽ ഉലൂം ഇസ്‌ലാമിയ്യയിൽ നടത്താൻ തീരുമാനിക്കപ്പെട്ടിരിക്കുകയാണ്. ഹലാൽ ആഹാരങ്ങളുടെയും വസ്തുക്കളുടെയും ഇസ്‌ലാമിക മാനദണ്ഡങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ, അനറബി ഭാഷയിൽ ഖുർആൻ പ്രസിദ്ധീകരണം,അവയവദാനം എന്നിവയാണ് ഇപ്രാവശ്യത്തെ ചർച്ചാ വിഷയങ്ങൾ. ഇവയുമായി ബന്ധപ്പെട്ട സുദീർഘമായ ചോദ്യാവലി തയ്യാറാക്കപ്പെട്ടു, ഇന്ത്യയിലെയും വിദേശത്തെയും നിരവധി പണ്ഡിത മഹത്തുക്കൾക്ക് എത്തിക്കപ്പെട്ടു കഴിഞ്ഞു. ഇതിന് അവർ നൽകുന്ന മറുപടി പ്രബന്ധങ്ങൾ സെമിനാറിൽ ചുരുക്കി വിവരിക്കപ്പെടും. തുടർന്ന്, ചർച്ച നടക്കും. അവയുടെ വെളിച്ചത്തിൽ അവസാനം പ്രമേയം അവതരിപ്പിക്കപ്പെടും. അല്ലാഹു സ്വീകരിക്കട്ടെ!

മുന്നൂറിലേറെ പ്രത്യേക ക്ഷണിതാക്കൾ പങ്കെടുക്കുന്ന ഈ സെമിനാറിന്റെയും ധാരാളം സഹോദരീ സഹോദരൻമാർ ഒഴുകിയെത്തുന്ന വൈജ്ഞാനിക പ്രദർശനത്തിന്റെയും പൊതു സമ്മേളനത്തിന്റെയും സുഗമമായ നടത്തിപ്പിന് കേരളത്തിലെ വ്യത്യസ്ഥ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തനങ്ങളുടെ പ്രധാന വ്യക്തിത്വങ്ങളുടെ കീഴിൽ വിപുലമായ ഒരു സ്വാഗത സംഘവും കർമ്മ സമിതിയും എടുത്തു പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. വിജ്ഞാന സേവനങ്ങളുടെ വിഷയത്തിൽ എന്നും മുന്നിൽ നടന്ന പാരമ്പര്യമുള്ള ബഹുമാന്യ സഹോദരങ്ങൾ വിജ്ഞാനത്തിന്റെ ആദരണീയമായ ഈ വാഹക സംഘത്തെ സ്വീകരിക്കുന്നതിനും ഇതിലൂടെ ലോകം മുഴുവൻ മൊത്തത്തിലും, കേരളക്കരയിൽ പ്രത്യേകിച്ചും വൈജ്ഞാനിക പ്രവർത്തനങ്ങൾ സജീവമാകുന്നതിനും മുന്നോട്ടു വരണമെന്നും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും സവിനയം അഭ്യർത്ഥിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ! സഹായിക്കട്ടെ! സമുന്നത പ്രതിഫലം നൽകട്ടെ! ●



ത്തിരിക്കുന്നു. അതുകൊുതന്നെ, ശത്രുക്കളുടെ പലവിധ പരിശ്രമങ്ങളും കുതന്ത്രങ്ങളും നടന്നിട്ടും ഖുർആൻ വചനത്തിലും ആശയത്തിലും യാതൊരുവിധ ഭേദഗതികളുമില്ലാതെ ഇന്നും നിലനിൽക്കുന്നു. ഖുർആൻ പാരായണവും പഠനവും പ്രചാരണവും മുസ്‌ലിം സമുദായത്തിന്റെ അടിസ്ഥാന ദൗത്യമാണ്. അന്നുമുതൽ ഇന്നുവരെ ഇത് തുടരുന്നുമു്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ഇക്കാലത്ത് പ്രകടമായിരിക്കുന്നു. ഖുർആൻ വചനങ്ങൾ അനറബി ഭാഷകളിൽ എഴുതാമോ? അന്ധരായ സഹോദരങ്ങൾക്ക് വേി ബ്രെയിൽ ലിപിയിൽ ഖുർആൻ തയ്യാറാക്കാമോ? ഖുർആൻ മൂലവചനങ്ങളില്ലാതെ, ആശയം മാത്രം പ്രസിദ്ധീകരിക്കാമോ? ഇത് സ്പർശിക്കുന്നതിന് ശുദ്ധി നിർബന്ധമാണോ? മൊബൈലിലെ സ്ക്രീനിൽ ഖുർആൻ തെളിയുമ്പോൾ അത് സ്പർശിക്കുന്നതിന് വുളൂഅ് നിർബന്ധമാണോ? ഇതാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്ന അഞ്ചാമത്തെ വിഷയം.

ഈ അഞ്ച് വിഷയങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കപ്പെട്ടുകഴിഞ്ഞു. ആദരീണയ പണ്ഡിത മഹത്തുക്കൾ അവയുടെ ഉത്തരങ്ങൾ കത്തൊനുള്ള പഠനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഡിസംബർ അവസാനത്തോടെ അവകൾ അക്കാദമിയുടെ കേന്ദ്രത്തിലെത്തും. തുടർന്ന് ര് മാസങ്ങളിലായി അവയുടെ ക്രോഡീകരണങ്ങൾ നടത്തപ്പെടും. 2015 ഫെബ്രുവരി അവസാനത്തോടെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള പണ്ഡിത മഹത്തുക്കൾ കേരളക്കരയിലേക്ക് എത്തിച്ചേരും. തുടർന്ന്, മാർച്ച് മാസത്തിൽ നടക്കുന്ന സെമിനാറിൽ അവരുടെ മറുപടികളുടെ വെളിച്ചത്തിൽ ചർച്ച നടക്കുന്നതും ഈ വിഷയങ്ങളിലുള്ള ഇസ്‌ലാമിന്റെ ലളിതവും സുന്ദരവും സമ്പൂർണവും വീക്ഷണം സംയുക്തമായി ഉരുത്തിരിഞ്ഞ് വരുന്നതുമാണ്.

ഒരു ഭാഗത്ത് മുൻഗാമികളായ മഹത്തുക്കളുടെ അതിമഹത്തായ വൈജ്ഞാനിക സേവനങ്ങളും മറുഭാഗത്ത് ആധുനിക പണ്ഡിതരുടെ കൂട്ടായ പഠന പരിശ്രമങ്ങളും അനാവരണം ചെയ്യപ്പെടുന്ന ഈ അനുഗ്രഹീത സമ്മേളനത്തെയും അതിന്റെ വാഹക സംഘത്തെയും കേരളക്കര സ്വീകരിക്കുമെന്നും ഇസ്‌ലാമിക ശരീഅത്ത് സർവ്വകാലത്തേക്കും സാഹചര്യങ്ങളിലേക്കും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകുന്ന സമുന്നത ദർശനമാണ് എന്ന കാര്യം ലോകത്തിന് മുമ്പാകെ ഒരിക്കൽകൂടി പ്രകടമാകുമെന്നും ഞങ്ങൾ അല്ലാഹുവിന്റെ വിശാലമായ കാരുണ്യത്തിൽ പ്രതീക്ഷിക്കുന്നു. അല്ലാഹു ഇതിനുവേി നടത്തപ്പെടുന്ന എല്ലാ സേവനങ്ങളും സഹായങ്ങളും സ്വീകരിക്കുകയും കാര്യങ്ങളെല്ലാം എളുപ്പമാക്കുകയും ചെയ്യട്ടെ! ആമീൻ ●

മണവും വർദ്ധിപ്പിക്കുന്നതിന് ആരോഗ്യത്തിന് ഹാനികരമായ ചില കെമിക്കലുകളും വസ്തുക്കളും ഉപയോഗിക്കുന്നു. ഇപ്രകാരം ഉല്പാദനം വർദ്ധിക്കുന്നതിന് വേി വളരെയധികം വിഷാംശങ്ങളുള്ള വളങ്ങൾ ഭൂമിയിലിടുകയും ഉല്പന്നങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. പഴങ്ങൾ വീഴാതിരിക്കുവാനും കീടങ്ങളെ നശിപ്പിക്കുവാനും ആഹരിക്കുന്നവരുടെ ആരോഗ്യത്തിന് ഹാനികരമെന്ന് മാത്രമല്ല, മാരക രോഗങ്ങളിലേക്ക് നയിക്കുന്ന മരുന്നുകൾ തളിക്കുന്നു. ഇതുപോലെ, പഴങ്ങൾ പഴുപ്പിക്കുന്നതിന് ആരോഗ്യത്തിന് വളരെ ഹാനികരമായ കെമിക്കലുകൾ ഉപയോഗിക്കുന്നു. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് മനുഷ്യർക്ക് ആരോഗ്യഭീഷണി ഉയർത്തുന്ന ഇഞ്ചക്ഷനുകൾ മൃഗത്തിന് നൽകുന്നു. കോഴിയുടെയും മത്സ്യങ്ങളുടെയും തൂക്കം കൂടുന്നതിന് പന്നിക്കൊഴുപ്പുള്ള ആഹാരങ്ങൾ തീറ്റയായി കൊടുക്കുന്നു. നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിലെ ഹലാൽ–ഹറാമുകൾ ഈ സെമിനാറിലെ മുഖ്യമായ ഒരു ചർച്ചാ വിഷയമാണ്.

### 4. ഹലാൽ സർട്ടിഫിക്കറ്റിന്റെ ഇസ്‌ലാമിക മാനദണ്ഡം

ഇന്നത്തെ ആഹാര–പാനീയങ്ങളും നിത്യോപയോഗ വസ്തുക്കളും ഹലാലാണോ ഹറാമാണോ എന്നത് ഇന്ന് വളരെ അധികരിച്ചുകൊിരിക്കുന്ന ഒരു ചോദ്യമാണ്. ബിസ്ക്കറ്റ്, മിഠായികൾ, ശീതളപാനീയങ്ങൾ, ച്യൂയിംഗം, ഐസ്ക്രീം, ബ്രഡ് മുതലായവയിൽ രുചി വർദ്ധിക്കാനും ദീർഘനാൾ കേടാകാതിരിക്കാനും വിവിധ ജീവികളുടെ അംശങ്ങൾ കലർത്തപ്പെടുന്നു. സോപ്പ്, ടൂത്ത്പേസ്റ്റ് മുതലായവയിൽ ഇപ്രകാരം അംശങ്ങൾ ചേർക്കപ്പെടുന്നു. ഇസ്‌ലാം നിഷിദ്ധമാക്കിയ ചില മൃഗങ്ങളും ഇതിൽപ്പെടുന്നു. മൃഗങ്ങളുടെ അറവുമായി ബന്ധപ്പെട്ട ഒരു സെമിനാർ അക്കാദമി നടത്തിയെങ്കിലും പുതിയ ചില പ്രശ്നങ്ങൾ ഇന്ന് ഉയർന്നുവന്നിരിക്കുന്നു. വിശിഷ്യാ, ആഗോളതലത്തിൽ ഒരു സുപ്രധാന വ്യാപാരകേന്ദ്രമായി വികസിച്ച ഇന്ത്യയിൽ ഇത്തരം കാര്യങ്ങൾക്ക് ഹലാൽ സർട്ടിഫിക്കറ്റ് നൽകാനുള്ള ഒരു കേന്ദ്രത്തിന്റെ ആവശ്യകത വളരെ വർദ്ധിച്ചിരിക്കുന്നു. ഈ വിഷയത്തിലുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് ഇതിന് ആവശ്യമായ ഒരു രൂപരേഖ ഈ സെമിനാർ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

### 5. ഖുർആൻ അനറബി ഭാഷയിൽ പ്രസിദ്ധീകരിക്കാമോ?

പരിശുദ്ധ ഖുർആൻ അല്ലാഹു അവതരിപ്പിച്ച അന്തിമ സന്മാർഗ ഗ്രന്ഥമാണ്. ഇനി ലോകാവസാനം വരെ സന്മാർഗത്തിനുള്ള ഏക ഗ്രന്ഥം പരിശുദ്ധ ഖുർആൻ മാത്രമാണ്. ഖുർആനിന്റെ സംരക്ഷണം അല്ലാഹു ഏറ്റെടു



# ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ഒരു പരിചയം

ഡോക്ടർ ഷൈഖ് ഉബൈദുല്ലാഹിൽ അസ്അദി

### പശ്ചാത്തലം

**ഏ**തൊരു നിയമസംഹിതയും കർമ്മശാസ്ത്രവും അതിജീവിക്കുന്നത് അതിന്റെ ചലനാത്മകതകൊു മാത്രമാണ്. നിലനിൽക്കാനർഹതയുള്ള ഏതൊരു നിയമാവലിയിലും ജീവന്റെ ലക്ഷണങ്ങളായ ചൂടും ചലനവും പ്രതിഫലിക്കും. കാര്യങ്ങളുടെ അതിദ്രുതമായ മാറ്റങ്ങൾക്കനനുസൃതമായി നിയമങ്ങളാവിഷ്കരിക്കുകയെന്നുള്ളത് പ്രയാസകരവും സങ്കീർണ്ണവുമായ ഉത്തരവാദിത്വം തന്നെയാണെന്നതിൽ സംശയമില്ല.

ഇസ്‌ലാമിക നിയമസംഹിത കാലികമായ മാറ്റങ്ങളോട് പൊരുത്തപ്പെടുന്ന നിലയിൽ ചില മഹത്തരമായ പ്രമാണങ്ങളുടെയും അവയെ വ്യാഖ്യാനിക്കാനുള്ള സുഭദ്രമായ നിയമങ്ങളുടെയും അടിത്തറയുടെമേൽ നിലകൊള്ളുന്നതാണ്. അതാതുകാലങ്ങളിൽ നിലവിലുള്ള സാഹചര്യങ്ങളുമായി ഇസ്‌ലാമിക കർമ്മശാസ്ത്ര നിയമങ്ങളെ സഹവർത്തിപ്പിക്കുകയെന്ന ഉത്തരവാദിത്വം ഏറ്റെടുത്തുകൊ് ഖുർആനിൽ നിന്നും പ്രവാചക ചര്യയിൽ നിന്നും നിയമവിശാരദന്മാർ കത്തെിയ തത്വങ്ങളാണവ.ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ സാർവ്വകാലികതയും മനുഷ്യജീവിതത്തിന് ശരിയായ അച്ചടക്കം പ്രദാനം ചെയ്യുന്നതിനും ഉത്തമമായ നേതൃത്വം കാഴ്ചവെയ്ക്കുന്നതിനുമുള്ള അതിന്റെ തിളക്കമാർന്ന കഴിവും യഥാർത്ഥത്തിൽ കടപ്പെട്ടിരിക്കുന്നത് ഈ തത്വങ്ങളോടാണ്.

വിശുദ്ധ ഖുർആനിലും തിരു സുന്നത്തിലും ആധികാരികജ്ഞാനമുള്ള നിയമവിദഗ്ധരായ മുൻഗാമികളുടെ മതവിധികളും ന്യായാധികരണത്തിന്റെ (ഖിയാസ്) പ്രമാണങ്ങളും രീതികളുമറിയുന്ന സർവ്വവിജ്ഞാന കോശങ്ങളായ മഹത് വ്യക്തിത്വങ്ങൾ ജീവിച്ചിരുന്ന ഒരു കാലമുായിരുന്നു. ശരീഅത്തിന്റെ പൊതു താൽപര്യങ്ങളെ കുറിച്ച് ഉൾക്കാഴ്ചയും തങ്ങൾ ജീവിക്കുന്ന കാലഘട്ടത്തെ കുറിച്ച് തികഞ്ഞ അവബോധവും ഉള്ളവരായിരുന്നു അവർ. ശരീഅത്തിന്റെ ആത്മാവിനോടും മതത്തിന്റെ മൂലസിദ്ധാന്തങ്ങളോടും കണിശമായ പ്രതിബദ്ധത പുലർത്തിക്കൊ് ആനുകാലിക പ്രശ്നങ്ങൾക്ക് ഉചിത

മായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ തികഞ്ഞ ഭയഭക്തിയോടെ തങ്ങളുടെ കഴിവും സാമർത്ഥ്യവും അവർ വിനിയോഗിക്കുകയുായി. അവരുടെ മത വിധികൾക്ക് സമൂഹത്തിൽ വലിയ വിശ്വാസ്യതയും സ്വീകാര്യതയും ലഭിക്കുകയും ചെയ്തു.

ആധുനിക യുഗം സമൂഹത്തിൽ ബഹുമുഖങ്ങളായ മാറ്റങ്ങൾ വരുത്തിവെച്ചിരിക്കുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വിസ്മയകരമായ പുരോഗതി പുതിയ ചക്രവാളങ്ങൾ തുറന്നിരിക്കുന്നു. ലോകം ഒരു കൊച്ചുഗ്രാമമായി ചുരുങ്ങിയിരിക്കുന്നു. സാമൂഹിക-സാമ്പത്തിക മേഖലകളിലെ പുതിയ പുരോഗതികൾ പുതിയ പ്രശ്നങ്ങളും സൃഷ്ടിച്ചിരിക്കുന്നു. സ്വന്തം ജീവിതത്തിലും സാമൂഹിക ജീവിതത്തിലും വ്യാപാരരംഗത്തും ശരീഅത്തിനെ വഴികാട്ടിയാക്കാനും ഇസ്ലാമിന്റെ വിധിവിലക്കുകൾ പാലിക്കുവാനും ആഗ്രഹിക്കുന്നവർ അനവധി ചോദ്യങ്ങളെ അഭിമുഖീകരിച്ചുകൊിരിക്കുകയാണ്. അവർ അത്തരം പ്രശ്നങ്ങൾക്കെല്ലാം മതപണ്ഡിതന്മാരുടെ നിർദ്ദേശങ്ങൾ കാത്തിരിക്കുകയാണ്. അതേ സമയം സ്വന്തം പരിജ്ഞാനത്തിന്റെയും പഠന ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പ്രതിവിധി നിർദ്ദേശിക്കാൻ പ്രാപ്തരും മുസ്ലിം സമൂഹത്തിന്റെ പൊതുവായ അംഗീകാരവും വിശ്വാസ്യതയും ആർജ്ജിക്കാൻ യോഗ്യരുമായ വ്യക്തിത്വങ്ങളുടെ അതിരൂക്ഷമായ ക്ഷാമം നിലനിൽക്കുകയും ചെയ്യുന്നു.

അതിനാൽ ഇസ്ലാമിക ശരീഅത്തിന്റെ മൂലപ്രമാണങ്ങളുടെ വെളിച്ചത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കത്തൊൻ സഹായകമാകുന്ന, വിവിധ വീക്ഷണഗതിക്കാരെ ഉൾക്കൊള്ളാനും മതപ്രബോധകർക്കും പണ്ഡിതർക്കും ഒന്നിച്ചിരിക്കാനും കഴിയുന്ന ഒരു പൊതുവേദി വളരെ അനിവാര്യമായി. സഹാബത്തിന്റെ കാലത്തും തുടർന്നുള്ള കാലഘട്ടങ്ങളിലും ഇതിനുള്ള മാതൃകകൾ ലഭ്യമാണ്. ഈ ലക്ഷ്യത്തിനുവേിയായിരുന്നു. 1989 ൽ ഇസ്ലാമിക് ഫിഖ്ഹ് അക്കാദമി (വൈജ്ഞാനിക ഗവേഷണകേന്ദ്രം) സ്ഥാപിതമായത്. അതിന്റെ പ്രവർത്തന മേഖലയുടെ വൈപുല്യവും പ്രാധാന്യവും കണക്കിലെടുത്ത് മത പണ്ഡിതർക്കും ഇസ്ലാമിക നിയമശാസ്ത്ര വിദഗ്ധർക്കും പുറമേ പ്രഗത്ഭരായ വിദ്വാന്മാരെയും വൈദ്യശാസ്ത്ര, സാമൂഹിക ശാസ്ത്ര, മനഃശാസ്ത്ര വിദഗ്ധരെയും ഉൾപ്പെടുത്തി അക്കാദമി വികസിപ്പിക്കുകയുായി.

### അക്കാഡമിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

**ഒന്ന്:** ജീവിതത്തിന്റെ വ്യക്തിഗത-സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-വ്യവസായിക തുറകളിൽ സംജാതമായ ആനുകാലിക വികാസങ്ങളും



യത്തിൽ ശരീഅത്തിന്റെ വെളിച്ചത്തിൽ പല ചോദ്യങ്ങളും ഉയരുന്നു്. ഇതിനെ കുറിച്ചുള്ള ഉത്തരങ്ങൾ പണ്ഡിതർ തയ്യാറാക്കിക്കൊിരിക്കുന്നു. സെമിനാറിലെ ചർച്ചകളുടെ വെളിച്ചത്തിൽ, ഉത്തമമായ തീരുമാനങ്ങൾ സമൂഹത്തിന് മുൻപാകെ വ്യക്തമാക്കപ്പെടുന്നതാണ്.

### 2. കുട്ടികളുടെ അവകാശങ്ങൾ:

ഇന്ന് ലോകത്ത് വളരെ ചർച്ച ചെയ്യപ്പെടുകയും പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ ഉയരുകയും ചെയ്യുന്ന ഒരു വിഷയമാണിത്. ഒരു ഭാഗത്ത് ബാലവേല വർദ്ധിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ ഉന്മൂലനം ചെയ്യപ്പെടുന്നു. അവരുടെ അവകാശങ്ങൾ അവമതിക്കപ്പെടുന്നു. മറുഭാഗത്ത് അവർക്ക് സർവ്വവിധ സ്വാതന്ത്ര്യങ്ങളും നൽകി തിൻമയിലേക്ക് നിർഭയ കവാടങ്ങൾ തുറക്കപ്പെടുന്നു. അവരുടെ കുറ്റകൃത്യങ്ങളും പെരുകിക്കൊിരിക്കുന്നു. ഇസ്ലാമിൽ കുഞ്ഞുങ്ങൾ അതി മഹത്തായ ഒരു സൂക്ഷിപ്പ് മുതലാണ്. അവർക്ക് ശരിയായ ശിക്ഷണ ശീലനങ്ങൾ തുടക്കം മുതലേ നൽകേതാണ്. മാനവ അവകാശങ്ങൾ, ന്യൂനപക്ഷാവകാശങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ മുതലായ വിഷയങ്ങൾ ചർച്ച ചെയ്തു കഴിഞ്ഞു. അക്കാദമി കുട്ടികളുടെ അവകാശങ്ങൾ എന്ന പ്രസക്ത വിഷയത്തെ ഇത്തവണ തിരഞ്ഞെടുത്തിരിക്കുന്നു. ബാലവേലയോടുള്ള ഇസ്ലാമിക സമീപനം എന്ത്? സാമ്പത്തിക ആവശ്യത്തിന് മാതാപിതാക്കൾ കുഞ്ഞുങ്ങളെ ബാലവേലക്ക് നിർബന്ധിക്കാമോ? കുട്ടികളുടെ ശിക്ഷണ ശീലനങ്ങളിൽ ഇസ്ലാമിന്റെ അടിസ്ഥാന നിർദേശങ്ങൾ എന്തെല്ലാം? വിവാഹ വിഷയത്തിൽ അവർക്ക് എന്തെല്ലാം അവകാശങ്ങൾ? കുറ്റകൃത്യങ്ങൾ ചെയ്യുന്ന കുട്ടികളെ തിരുത്തുകയും ശിക്ഷിക്കുകയും ചെയ്യുന്നതെങ്ങനെ? ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ വിഷയത്തിൽ ഇസ്ലാമിക വീക്ഷണം എന്താണ്? ഈ വിഷയത്തിൽ ഭരണകൂടവും സമൂഹവും എന്ത് ചെയ്യണം? കുട്ടികളെ വിൽക്കുന്നതും യാചനയ്ക്ക് ഉപയോഗിക്കുന്നതും തടയാൻ ഇസ്ലാമിൽ നിർദേശങ്ങൾ വല്ലതുമുോ? ഇത്തരം വിവിധ ചോദ്യങ്ങൾക്കുള്ള ഉത്തരം സെമിനാറിൽ വിവരിക്കപ്പെടുന്നതാണ്.

### 3. ആഹാരപദാർത്ഥങ്ങളിലെ ഹലാൽ-ഹറാമുകളുടെ അടിസ്ഥാനങ്ങൾ

ആഹാരം മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണ്. ഇസ്ലാമിക ശരീഅത്ത് ആഹാരത്തിലെ ഹറാം-ഹലാലുകളെ വിശദമായി വിവരിച്ചിട്ടു്. എന്നാൽ ഇന്നത്തെ ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ ഈ വിഷയത്തിൽ പുതിയ പല ചോദ്യങ്ങളും ഉയർത്തിയിരിക്കുന്നു. ഉദാഹരണത്തിന്, ചില ആഹാരപാനീയങ്ങൾ തയ്യാറാക്കുമ്പോൾ അവയുടെ രുചിയും നിറവും,

# 24-ാം സെമിനാറിലെ വിഷയങ്ങൾ

# ലഘുപരിചയം

**ശൈഖ് ഖാലിദ് സെയ്ഫുല്ലാഹ് റഹ്മാനി**

**(ജനറൽ സെക്രട്ടറി, ഇസ്‌ലാമിക ഫിഖ്ഹ് അക്കാദമി)**

ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമിയുടെ 24–ാം ഫിഖ്ഹി സെമിനാർ, നിഷ്കളങ്കരായ സഹോദരങ്ങളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, ദക്ഷിണേന്ത്യയിലെ പ്രധാന സംസ്ഥാനമായ കേരളത്തിലെ കൊല്ലം ആലപ്പുഴ ജില്ലകളുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ദീനീ സ്ഥാപനം ദാറുൽ ഉലൂം ഇസ്‌ലാമിയ്യയിൽ 1436 ജമാദുൽ അവ്വൽ 9 മുതൽ 11 വരെ (1–3 മാർച്ച് 2015) നടക്കുകയാണ്. സെമിനാറിന്റെ ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉർദു–അറബി ഭാഷകളിൽ തയ്യാറാക്കപ്പെട്ടു. ഇന്ത്യയിലും വിദേശത്തുമുള്ള പണ്ഡിത മഹത്തുക്കൾക്ക് എത്തിച്ചുകൊടുത്തുകഴിഞ്ഞു. ഇന്ത്യയിൽ നിന്നുള്ള നിരവധി പണ്ഡിത–ചിന്തകരെ കൂടാതെ വിദേശത്ത് നിന്നും പല പണ്ഡിതമഹത്തുക്കളും ഇതിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. കാലിക പ്രസക്തമായ അഞ്ച് വിഷയങ്ങളാണ് ഇതിൽ ചർച്ചയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. 1. അവയവദാനം 2. കുട്ടികളുടെ അവകാശങ്ങൾ, 3. ആഹാരപദാർത്ഥങ്ങളിലെ ഹലാൽ–ഹറാമുകളുടെ അടിസ്ഥാനങ്ങൾ 4. ഹലാൽ സർട്ടിഫിക്കറ്റിന്റെ ഇസ്‌ലാമിക മാനദണ്ഡം, 5. അനറബി ഭാഷയിൽ ഖുർആൻ എഴുതാമോ?

## 1. അവയവദാനം.

അക്കാമദമിയുടെ മുൻകഴിഞ്ഞ ഒരു സെമിനാറിൽ അവയമാറ്റത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു. എന്നാൽ, ഇന്ന് വൈദ്യശാസ്ത്രം പുരോഗതി പ്രാപിക്കുക വഴി ഒരു വ്യക്തിയുടെ അവയവം മറ്റൊരു വ്യക്തിയിൽ ഘടിപ്പിക്കാനുള്ള വളരെ എളുപ്പ വഴി തുറന്നിരിക്കുന്നു. ഇപ്രകാരം ഒരു വ്യക്തി മരിച്ചു കഴിഞ്ഞാൽ, കുറച്ച് നേരത്തേക്ക് കൂടി അവയവത്തിൽ ജീവൻ അവശേഷിക്കുന്നതാണ്. അതിനിടയിൽ, കരൾ പോലുള്ള അവയവങ്ങൾ എടുത്താൽ, മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നതാണ്. കൂടാതെ രക്തം എടുക്കുന്നതും കയറ്റുന്നതും എളുപ്പമായിരിക്കുന്നു. ഇതിനുവേി ബ്ലഡ് ബാങ്കുകൾ സ്ഥാപിച്ചിരിക്കുന്നു. വൃക്കകളും നേത്രങ്ങളും വെച്ച് പിടിപ്പിക്കിക്കലും, മുലപ്പാൽ വർദ്ധിപ്പിക്കലും ബീജം സംരക്ഷിക്കലും എളുപ്പമായി. ഈ വിഷ



പരിവർത്തനങ്ങളും ഉയർത്തുന്ന പ്രശ്നങ്ങൾക്ക് ഖുർആൻ ഹദീസ് എന്നിവയുടെയും സഹാബികളുടെയും പൂർവ്വസൂരികളുടെയും ചിന്ത, വ്യാഖ്യാനം, നിഗമനം എന്നിവയുടെയും അടിസ്ഥാനത്തിൽ പരിഹാരം കത്തെുക.

**ര ് :** ആനുകാലിക പ്രശ്നങ്ങൾക്കും പുതിയ ചുറ്റുപാടിൽ പുനർവിചിന്തനവും പഠനവും ആവശ്യപ്പെടുന്ന പഴയ പ്രശ്നങ്ങൾക്കും ഫിഖ്ഹിന്റെ പ്രമാണങ്ങളെ മാനിച്ചുകൊ് പരിഹാരം കത്തൊനുള്ള കൂട്ടായ ശ്രമങ്ങൾ നടത്തുക.

**മൂന്ന്:** ഇസ്‌ലാമിന്റെ അടിസ്ഥാന സ്രോതസ്സുകൾ, ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ സൈദ്ധാന്തികഘടന, ആധുനിക കാലഘട്ടത്തിൽ ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ പ്രയോഗവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുക.

**നാല്:** ആധുനിക കാലഘട്ടത്തിന്റെ താൽപര്യങ്ങളും സമ്പ്രദായങ്ങളും മുഖവിലയ്ക്കെടുത്ത് കർമ്മശാസ്ത്ര വിഷയങ്ങളെക്കുറിച്ച് ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുക.

**അഞ്ച്:** പ്രമുഖ മതസ്ഥാപനങ്ങളിലെ ഇസ്‌ലാമിക നിയമശാസ്ത്രത്തിലും ചിന്തയിലും വൈദഗ്ധ്യമുള്ള വീക്ഷണശാലികൾ ആധുനിക പ്രശ്നങ്ങളെ അധികരിച്ചെഴുതിയ ലേഖനങ്ങളും പുറപ്പെടുവിച്ച ഫത്‌വകളും ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും മുസ്‌ലിം ജനസാമാന്യത്തിന് ലഭ്യമാക്കുകയും ചെയ്യുക.

**ആറ്:** ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള എല്ലാ നിയമഗവേഷണസ്ഥാപനങ്ങളെയും സംയോജിപ്പിക്കുകയും അവർ നിർവ്വഹിക്കുന്ന വൈജ്ഞാനിക പ്രവർത്തനങ്ങളും കൈവരിക്കുന്ന നേട്ടങ്ങളും പരസ്പരം മനസ്സിലാക്കുകയും ചെയ്യുക .

**ഏഴ്:** ഫിഖ്ഹിലെ വിവിധ വിഷയങ്ങൾ സംബന്ധിച്ച സൂചിക തയ്യാറാക്കുക.

**എട്ട്:** പ്രസിദ്ധ പണ്ഡിതന്മാരുടെയും സ്ഥാപനങ്ങളുടെയും പ്രസിദ്ധീകൃതവും അല്ലാത്തതുമായ ഫത്‌വകൾ ശേഖരിച്ച് സംശോധന ചെയ്യുകയും സാധാരണ വൈജ്ഞാനിക ശൈലിയിലും നിയമശാസ്ത്രപ്രതിപാദനരീതിയിലും ആധുനിക മട്ടിലും പ്രസിദ്ധീകരിക്കുകയും ഭാവി തലമുറയ്ക്ക് ഉപകാരപ്രദമാം വിധം സൂക്ഷിക്കുകയും ചെയ്യുക.

**ഒമ്പത്:** സാമൂഹികവും സാമ്പത്തികവും സാമൂഹിക ശാസ്ത്രപരവും പരിസ്ഥിതിപരവുമായ പ്രശ്നങ്ങളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളുടെ ഫലങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുക.

**പത്ത്:** വ്യത്യസ്ഥ കർമ്മശാസ്ത്ര സരണികളുടെ വൈജ്ഞാനിക കർമ്മ ശാസ്ത്ര രചനകളെ പ്രയോജനപ്പെടുത്താൻ പ്രേരിപ്പിക്കുക.

**പതിനൊന്ന്:** ഇസ്ലാമിക നിയമങ്ങളെ സംബന്ധിച്ച ഓറിയന്റലിസ്റ്റു കളുടെയും മറ്റും തെറ്റിദ്ധാരണകളും ദുർവ്യാഖ്യാനങ്ങളും വിലയിരുത്തുകയും ഇസ്ലാമിക നിയമങ്ങളെ കുറിച്ച് വസ്തുനിഷ്ഠമായ ഒരു കാഴ്ച്ചപ്പാട് സമർപ്പി ക്കുകയും ചെയ്യുക.

**പ ന്ത്രണ്ട്:** ഇസ്ലാമിനെതിരെ ഉയർന്നുവരുന്ന വെല്ലുവിളികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്ന ആനുകാലിക ഭാഷയിലും ശൈലിയിലുമുള്ള സാഹിത്യങ്ങൾ തയ്യാറാക്കുക.

**പതിമൂന്ന്:** വളർന്നുവരുന്ന സമർത്ഥരായ മുസ്ലിം പണ്ഡിതർക്ക് മാർഗ്ഗ ദർശനം നൽകുക. ശാസ്ത്രീയവും ഗവേഷണപരവുമായ മാനങ്ങൾ കൈവ രിക്കാൻ അവരെ സഹായിക്കുക. ഒരു വൈജ്ഞാനിക പര്യവേഷണ ചുറ്റു പാട് വളർത്തിയെടുക്കുവാൻ അവർക്ക് പ്രചോദനമേകുകയും പരസ്പരം ബന്ധപ്പെടാൻ പറ്റുന്ന ഒരു കേന്ദ്രവുമായി അവരെ ബന്ധിപ്പിക്കുകയും ചെയ്യു ക.

**പതിനാല്:** പുതിയ തലമുറയ്ക്ക് ആധുനിക വിജ്ഞാന ശാഖകളിലും മതവിജ്ഞാന ശാഖകളിലും ഒരുപോലെ പരിജ്ഞാനം നൽകുന്നതിന് മത സ്ഥാപനങ്ങളിൽ ഉന്നതവിദ്യാഭ്യാസം ചെയ്യുന്നവർക്ക് അതിനാവശ്യമായ ഭൗതിക വിജ്ഞാനങ്ങളും ഭൗതിക വിദ്യാഭ്യാസം നേടുന്നവർക്ക് മതവിദ്യാ ഭ്യാസവും ലഭിക്കാൻ സൗകര്യമൊരുക്കുക.

**പതിനഞ്ച്:** ഉപര്യുക്ത ലക്ഷ്യങ്ങൾ സഫലമാക്കുന്നതിന് കർമ്മശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കുകയും പഠനഗവേഷണങ്ങൾ നടത്തുന്നതിനാ വശ്യമായ കമ്മറ്റികൾ രൂപീകരിക്കുകയും ക്യാമ്പുകൾ സംഘടിപ്പിക്കുകയും ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുകയും ഉപര്യുക്ത ലക്ഷ്യങ്ങൾ കരഗതമാക്കുന്നതിന് സാധ്യതയുള്ള മറ്റു മാദ്ധ്യമങ്ങൾ ഉപയോഗപ്പെടുത്തു കയും ചെയ്യുക.

## ഫിഖ്ഹ് സെമിനാർ

മേൽ സൂചിത ലക്ഷ്യങ്ങൾ മുന്നിൽ വെച്ചുകൊ് ഇന്ത്യയിലെ പ്രഗ ത്ഭരായ പണ്ഡിതമഹത്തുക്കളുടെ മേൽനോട്ടത്തിൽ പ്രയാണം ആരംഭിച്ച അക്കാദമിക്ക് അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ വൈജ്ഞാ നിക ചിന്താമേഖലകളിൽ പ്രസ്താവ്യമായ ധാരാളം സേവനങ്ങൾ ചെയ്യാൻ സാധിച്ചു. അതിലേറ്റവും പ്രാധാന്യമർഹിക്കുന്നതാണ് ഇന്ത്യയുടെ വിവിധ



## ഭാരവാഹികൾ

മുഫക്കിറുൽ ഇസ്ലാം അല്ലാമാ അബുൽ ഹസൻ അലിയ്യുന്നദ്‌വി, ശൈഖ് മിന്നത്തുല്ലാഹ് റഹ്മാനീ, മൗലാനാ അബ്ദുസ്സഊദ് ബാഖവി, മൗലാനാ നിസാമുദ്ദീൻ അഅ്ളമീ, മുതലായ മഹത്തുക്കളുടെ മേൽനോട്ടത്തിൽ പ്രയാണം ആരംഭിച്ച അക്കാദമിയുടെ നിലവിലുള്ള മേൽനോട്ടക്കാർ ഈ മഹ ത്തുക്കളാണ്.

**അല്ലാമാ സയ്യിദ് മുഹമ്മദ് റാബിഅ് ഹസനീ നദ്‌വീ** (ചെയർമാൻ ഓൾ ഇന്ത്യ മുസ്ലിം പേഴ്സണൽ ലോ ബോർഡ്) **മൗലാനാ മുഹമ്മദ് സാലിം ഖാസിമീ,** (മുഹ്തമിം ദാറുൽ ഉലൂം വഖ്ഫ് ദേവ്ബന്ദ്) **സയ്യിദ് നിസാ മുദ്ദീൻ** (അമീർ ഷരീഅത്ത്, ബീഹാർ)

**ചെയർമാൻ:** അല്ലാമാ നിഅ്മത്തുല്ലാഹിൽ അഅ്ളമീ.

**വൈസ് പ്രസിഡന്റുമാർ:** ശൈഖ് ബുർഹാനുദ്ദീൻ ഖാസിമീ, മുഫ്തി അഷ്റഫ് അലി ബാഖവീ, ബദ്റുൽ ഹസൻ ഖാസിമി, ഖാസീ അബ്ദുൽ അഹദ് അസ്ഹരി.

**ജനറൽ സെക്രട്ടറി**: മൗലാനാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനീ.

**സെക്രട്ടറിമാർ:** അതീഖ് അഹ്മദ് ഖാസിമി, ഉബൈദുല്ലാഹ് അസ്അ ദീ, മുഫ്തി അഹ്മദ്.കരുണാവാരിധിയായ അല്ലാഹു തആല ഈ മഹത്തായ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച അല്ലാമ ശൈഖ് മുജാഹിദുൽ ഇസ്ലാം ഖാസിമിയെ ഉന്നത അനുഗ്രഹങ്ങൾ കൊ് പൊതിയട്ടെ! ഇതിന്റെ എല്ലാ സേവകർക്കും മഹത്തരമായ പ്രതിഫലം നൽകട്ടെ! വിജ്ഞാനത്തിന്റെ ഈ വാഹക സംഘ ത്തിന്റെ മുന്നോട്ടുള്ള പ്രയാണം നിലനിർത്തുകയും എളുപ്പമാക്കുകയും സ്വീകരിക്കുകയും ചെയ്യട്ടെ! ●

*നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും നിർദേശങ്ങളും ഞങ്ങളുമായി പങ്കുവെക്കുക :*

**സയ്യിദ് ഹസനി അക്കാദമി**
ദാറുൽ ഉലൂം ഇസ്ലാമിയ്യ, ഓച്ചിറ, കൊല്ലം, കേരള

**www.thauba.com.**
sayyidhasanioachira@gmail.com
Mob: +91 9061 565 999

നിർദ്ദേശിക്കുകയും സംഘടിത വിചിന്തനത്തെ പ്രോത്സാഹിപ്പിക്കുകയും ഇസ്ലാമിക ദിശാബോധം വളർത്തുകയും ചെയ്യുന്ന ഇന്ത്യയിലെ ഇസ്ലാമിക് ഫിഖ്ഹ് അക്കാദമിയുടെ പ്രവർത്തനങ്ങളിൽ എനിക്ക് ചാരിതാർത്ഥ്യമു് അക്കാദമിയുടെ ചില സമ്മേളനങ്ങളിൽ സംബന്ധിക്കാൻ എനിക്ക് അവസരം കിട്ടിയപ്പോൾ ഇന്ത്യയിലെ അവഗാഹ പാണ്ഡിത്യവും സവിശേഷ വ്യുൽപത്തിയുമുള്ള പല പണ്ഡിതരെയും അടുത്തറിയാൻ കഴിയുകയുായി. ഇസ്ലാമിക നവോത്ഥാന രംഗത്ത് കാര്യമായ സംഭാവനകളർപ്പിക്കാൻ അക്കാദമിക്ക് കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. **ഷൈഖ് മുഹമ്മദ് ഹബീബ് ബിൻ ഖോജാ (സെക്രട്ടറി ജനറൽ അന്താരാഷ്ട്ര ഫിഖ്ഹ് അക്കാദമി, ജിദ്ദ)**

ഇന്ത്യയിലെ ഇസ്ലാമിക് ഫിഖ്ഹ് അക്കാദമി മുസ്ലിംകളുടെ ദൈനം ദിന ജീവിതത്തെ ബാധിക്കുന്ന ഒട്ടേറെ ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു് അക്കാദമി ഭാരവാഹികളുടെ ദൗത്യബോധത്തെയാണിത് പ്രതിഫലിപ്പിക്കുന്നത്. പ്രശ്നങ്ങളുടെ താത്വികതയിൽ നിന്ന് പ്രായോഗികതയിലേക്ക് മാറാൻ അതുവഴി മുസ്ലിംകൾക്ക് കഴിയുന്നു. ധാരാളം നന്മകളുടെ രചനാത്മകമായ ഒരു സേവനമാണിത്. **ഡോക്ടർ അബ്ദുർറഹ്മാൻ ബിൻ അബ്ദുല്ലാഹ് ബിൻ അഖീൽ (സഊദി അറേബ്യ)**

ഇസ്ലാമിനും മുസ്ലിംകൾക്കും സേവനം ചെയ്യുന്നതിനും അവരുടെ ആധുനിക പ്രശ്നങ്ങൾ ഇസ്ലാമിക കർമ്മശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നതിനുമായി രൂപീകരിക്കപ്പെട്ട മഹത്തായ ഒരു സ്ഥാപനമാണ് ഇസ്ലാമിക് ഫിഖ്ഹ് അക്കാദമി. വിവിധ മദ്ഹബുകാരായ പണ്ഡിതരെ ഏകോപിപ്പിക്കുന്നതിൽ മഹത്തായ സേവനമാണ് അത് നിർവ്വഹിച്ചുകൊിരിക്കുന്നത്. **കാകാ സഈദ് അഹ്മദ് അൽ ഉമരി (ജാമിഅഃ ദാറുസ്സലാം, ഉമറാബാദ്)**

ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അവർക്ക് ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ മതവിധികൾ നിർദ്ദേശിക്കുകയും പ്രാപ്തരായ ഗവേഷകരെ വളർത്തിയെടുക്കുകയും ചെയ്യുന്ന രംഗത്ത് ഇസ്ലാമിക് ഫിഖ്ഹ് അക്കാദമി (ഇന്ത്യ) ഒരു ദശകത്തിലേറെയായി മഹത്തായ സേവനങ്ങളർപ്പിച്ചുകൊിരിക്കുന്നു. അക്കാദമിയുടെ മഹത്തായ സേവനങ്ങളെ ഞാൻ പ്രകീർത്തിക്കുകയും അല്ലാഹു അതിനെ അനുഗ്രഹിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. **ഷൈഖ് മുഹമ്മദ് സാലിം അൽഖാസിമി, (ദാറുൽ ഉലൂം ഇസ്ലാമിക് സർവ്വകലാശാലാ, ദേവ്ബന്ദ്)**



സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട 23 ഫിഖ്ഹ് സെമിനാറുകൾ. 131–ലേറെ ആധുനിക പ്രശ്നങ്ങൾ ഇവയിൽ ചർച്ച ചെയ്യപ്പെടുകയുായി.

വ്യത്യസ്ഥ കർമ്മശാസ്ത്ര സരണികൾ പിന്തുടരുന്ന പണ്ഡിതന്മാരെ ആധുനിക പ്രശ്നങ്ങൾക്ക് ഇസ്ലാമിന്റെ വെളിച്ചത്തിൽ പരിഹാരം കത്തുക എന്ന ലക്ഷ്യത്തിനുവേി ഓരേ വേദിയിൽ ഒരുമിച്ചുകൂട്ടുന്നതിൽ വളരെ സൂക്ഷ്മവും മാതൃകാപരവുമായ ഒരു രീതിയാണ് അക്കാഡമി സ്വീകരിച്ചിട്ടുള്ളത്. പഠനങ്ങളുടെ നിരവധി ഘട്ടങ്ങൾ പിന്നിട്ടാണ് തീരുമാനത്തിൽ എത്തിച്ചേരുന്നത്. ആദ്യമായി പ്രധാന പണ്ഡിതന്മാർ കൂടിയിരുന്ന് ചർച്ച ചെയ്യേ ആധുനിക പ്രശ്നങ്ങൾ തെരഞ്ഞെടുക്കുകയും സുദീർഘമായ ചോദ്യാവലി തയ്യാറാക്കുകയും ചെയ്യുന്നു. തുടർന്ന് ഇതിനെക്കുറിച്ച് പഠനം നടത്തി പ്രബന്ധം തയ്യാറാക്കുന്നതിന് ഇന്ത്യ മുഴുവനുമുള്ള പണ്ഡിതന്മാരോട് അഭ്യർത്ഥിക്കുന്നു. മുസ്ലിം സമൂഹത്തിന്റെ സമ്പൂർണ്ണ ഐക്യം ലക്ഷ്യമാക്കുന്ന അക്കാദമി പണ്ഡിതരെ തെരഞ്ഞെടുക്കുന്നതിൽ യാതൊരുവിധ പക്ഷപാതവും കാണിക്കാറില്ല. ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾക്ക് ശാസ്ത്രസാങ്കേതിക രംഗത്തെ വിദഗ്ദരുമായും ആധുനിക കലാലയങ്ങളിലും സർവ്വകലാശാലകളിലുമുള്ള അധ്യാപകരുമായും ബന്ധപ്പെടുന്നു. പണ്ഡിതർക്കിടയിൽ ഈ സമീപനത്തിന് വലിയ സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. പ്രഥമ സെമിനാറിലേക്ക് അമ്പത്തിയെട്ട് പ്രബന്ധങ്ങൾ ലഭിച്ചു. അത് വർദ്ധിച്ചുകൊിരുന്നു. 23–ാം സമിനാറിലേക്ക് 270 പ്രബന്ധങ്ങളാണ് ലഭിച്ചത്. ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കുമുള്ള മറുപടിയടങ്ങിയ പ്രബന്ധങ്ങൾ ലഭിച്ചുകഴിഞ്ഞാൽ ആദ്യം ഒരുകൂട്ടം പണ്ഡിതർ പ്രധാന പോയ്ന്റുകൾ ഒന്നും വിടാതെ അവയെ ഹ്രസ്വമായി ക്രോഡീകരിക്കും. തുടർന്ന് ഏതെങ്കിലുമൊരു സ്ഥലത്ത് മൂന്ന് ദിവസം നീുനിൽക്കുന്ന സെമിനാർ സംഘടിപ്പിക്കുകയും അതിലേക്ക് പണ്ഡിതരെയും ചിന്തകരെയും ക്ഷണിക്കുകയും ചെയ്യുന്നതാണ്. സെമിനാറിൽ ആദ്യമായി ഓരോ വിഷയങ്ങളെ കുറിച്ചുമുള്ള പ്രബന്ധങ്ങളുടെ രത്നച്ചുരുക്കം അടങ്ങിയ കൃതികൾ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യും. തുടർന്ന് മുഴുൻ പ്രബന്ധങ്ങളും മുൻകൂട്ടി പഠിച്ച ഒരു പണ്ഡിതൻ വിഷയം അവതരിപ്പിക്കുകയും പ്രബന്ധങ്ങൾ നിരൂപണം ചെയ്തുകൊ് പ്രബലമായ അഭിപ്രായം സമർപ്പിക്കുകയും ചെയ്യും. ശേഷം അംഗങ്ങൾ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊ് ചർച്ചകൾ നടത്തും. എല്ലാ അംഗങ്ങൾക്കും ചർച്ചയിൽ പങ്കെടുക്കാവുന്നതാണ്. ഇതെല്ലാം റിക്കാർഡ് ചെയ്യുന്നതുകൂടാതെ രേഖാമൂലം എഴുതി സൂക്ഷിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചർച്ചകൾ നിഷ്പക്ഷമായി സ്നേഹാദരവുകളുടെ അന്തരീക്ഷത്തിലാണ് നടക്കുന്നത്. അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ മോശമായ

ഒരവസ്ഥയും സംജാതമാകാറില്ല. ചർച്ചകൾ പൂർത്തിയായ ശേഷം പ്രധാന പണ്ഡിതരടങ്ങുന്ന ഒരു സംഘത്തെ തീരുമാനം തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും അവരുടെ സൂക്ഷ്മമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ അവർ പ്രമേയങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നതാണ്. സെമിനാറിന്റെ അവസാനത്തിൽ അവ വായിക്കപ്പെടുന്നതും എല്ലാവരുടെയും അംഗീകാരത്തോടെ പ്രസിദ്ധമാക്കപ്പെടുന്നതുമാണ്. ആർക്കെങ്കിലും ഭിന്നാഭിപ്രായമുണ്ടെങ്കിൽ അതും വ്യക്തമാക്കപ്പെടുന്നതാണ്.

ഈ രീതിയിലുള്ള ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ ചർച്ചാ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയെന്നതാണ് ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമിയുടെ മുഖ്യമായ പ്രവർത്തനം. വർഷത്തിലൊരിക്കൽ ഇന്ത്യയുടെ വിവിധ നഗരങ്ങളിൽ വെച്ച് ഈ സമ്മേളനങ്ങൾ നടക്കുന്നു. ഇവയിൽ പാസ്സാക്കപ്പെടുന്ന പ്രമേയങ്ങൾക്കും തീരുമാനങ്ങൾക്കും മുസ്‌ലിം വൃത്തങ്ങളിൽ ശ്രദ്ധേയമായ സ്വീകാര്യത ലഭിക്കുന്നു്. വിപുലമായ ഇത്തരം ഇരുപത്തിമൂന്ന് സമ്മേളനങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു.

ഇസ്‌ലാമിക് ഫിഖ്ഹ് അക്കാഡമിയുടെ 24-ാം സമ്മേളനം ഇന്ത്യയിലെ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ ഒരു പ്രധാന ഈറ്റില്ലമായ കേരളത്തിൽ 2015 മാർച്ച് 1,2,3 തീയതികളിൽ നടക്കുകയാണ്. കേരളത്തിലെ ആലപ്പുഴ, കൊല്ലം ജില്ലയുടെ അതിർത്തി പ്രദേശമായ ഓച്ചിറയിലെ ദാറുൽ ഉലൂം ഇസ്‌ലാമിയ്യയാണ് ഇതിനുവേി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. മഹത്തായ ഇസ്‌ലാമിക വിജ്ഞാനത്തിന്റെ ഈ വാഹക സംഘത്തെ സ്വീകരിക്കാൻ കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള പണ്ഡിത മഹത്തുക്കളും വിജ്ഞാനസ്നേഹികളും ആതിഥേയത്വം ഏറ്റെടുത്തതിൽ ഞങ്ങൾക്ക് അനൽപമായ നന്ദിയു്. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമുള്ള പ്രഗത്ഭരായ 200 ൽ പരം പണ്ഡിതപടുക്കൾ സംഗമിക്കുന്ന ഈ സെമിനാറിൽ പങ്കെടുക്കാൻ കേരളത്തിലെ മഹത്തുക്കളായ പണ്ഡിതവര്യന്മാരെ ഞങ്ങൾ വിനയ പുരസരം സ്വാഗതം ചെയ്യുന്നു. അവസാനം നടക്കുന്ന പൊതു സമ്മേളനത്തിലേക്ക് എല്ലാ സഹോദരങ്ങളെയും ഞങ്ങൾ ഹാർദ്ദവമായി ക്ഷണിക്കുന്നു.

കുട്ടികളുടെ അവകാശങ്ങൾ, അവയവദാനം, ഹലാൽ സർട്ടിഫിക്കറ്റിന്റെ മാനദണ്ഡം,അനറബി ഭാഷയിൽ ഖുർആൻ വചനങ്ങൾ എഴുതാമോ? എന്നീ വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യപ്പെടുക. ചോദ്യങ്ങളും ഉപ ചോദ്യങ്ങളും തയ്യാറാക്കി ഇന്ത്യയിലും വിദേശത്തുമുള്ള പണ്ഡിത മഹത്തുക്കൾക്ക് ഞങ്ങൾ അയച്ചുകഴിഞ്ഞു. അവയുടെ രത്ന ച്ചുരുക്കവും, തുടർ ചർച്ചകളും പ്രധാനപ്പെട്ട തീരുമാനങ്ങളും സമ്മേളനത്തിൽ വിവരിക്കപ്പെടുന്നതാണ്.



യറ്റം വിലമതിക്കുന്നു. **ഡോക്ടർ അബ്ദുൽ ഹമീദ് അഹ്മദ് അബൂസുലൈമാൻ (വൈസ് ചാൻസലർ ഇന്റർനാഷണൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി മലേഷ്യ)**

ഇന്ത്യയിലെ മഹാന്മാരായ പണ്ഡിതന്മാരുടെ മേൽ നോട്ടത്തിൽ 1989 ൽ സ്ഥാപിതമായ ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി (ഇന്ത്യ) യുടെ നേതാക്കളുമായി കുമുട്ടാൻ അവസരം കിട്ടിയതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഭരണകൂടത്തിന് കീഴിലല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം അക്കാദമികളുമായി സഹകരിക്കൽ എല്ലാവരുടെയും കടമയാണ്. ജീവിതത്തിലെ ഏതാല്ലൊം പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്ന മഹത്തായ ഒരു സംരംഭം തന്നെയാണിതെന്നതിൽ സംശയമില്ല. **അബ്ദുല്ലാഹിബ്നു ഇബ്റാഹീം അൽമുസ്ഫിർ, (സഊദി അറേബ്യ)**

സുപ്രധാനമായ ഈ ചരിത്രമുഹൂർത്തത്തിൽ തന്നെ ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ജന്മംകൊതിൽ എനിക്കുള്ള സന്തോഷവും ചാരിതാർത്ഥ്യവും ഞാനിവിടെ രേഖപ്പെടുത്തട്ടെ. കർമ്മശാസ്ത്ര രംഗത്ത് നിർമ്മാണാത്മകവും അനുഗ്രഹീതവുമായ ഒരു കാൽവെപ്പാണിതെന്നതിൽ സംശയമില്ല. കർമ്മശാസ്ത്രത്തിന്റെ മഹത്തായ ഒരു ഗ്രന്ഥാലയം തന്നെ രൂപപ്പെടാൻ മാത്രം വിശാലമായ ഒരു ചക്രവാളമാണ് ഇവിടെ തുറക്കപ്പെട്ടിരിക്കുന്നത്. ഫലസിദ്ധിയും ദീർഘായുസും നേരുന്നു. **സയ്യിദ് അബുൽ ഹസൻ അലി യ്യുന്നദ്‌വി**

ഇന്ത്യയിലായാലും മറ്റെവിടെയായാലും ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമികൾ ഉാകുന്നത് സവിശേഷമായ ഒരു ഇസ്‌ലാമിക നവജാഗരണ പ്രതിഭാസമാണ്. വിജ്ഞാനത്തിന്റെയും മുസ്‌ലിംകൾ തമ്മിലുള്ള ഐക്യത്തിന്റെയും മേഖലയിൽ അവ മഹത്തായ പങ്കുവഹിക്കുന്നു. അവയെ ആളും അർത്ഥവും നൽകി സഹായിക്കൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പണ്ഡിതരുടെ കടമയാണ്. **ഡോക്ടർ വഹബ മുസ്തഫ അസ്സുഹൈലി( സിറിയ)**

പണ്ഡിതന്മാരുടെ പ്രയത്നങ്ങളെ ഏകോപിപ്പിക്കാനും സംഘടിത ചിന്ത പ്രോത്സാഹിപ്പിക്കാനും കാര്യക്ഷമവും നിരന്തരവുമായി ശ്രമിച്ചുവരുന്ന ഇസ്‌ലാമിക സ്ഥാപനമാണ് ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി. ഇന്ത്യൻ മുസ്‌ലിംകൾ നീ കാലമായി അഭിമുഖീകരിച്ചുവരുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ അക്കാദമിക്ക് കഴിഞ്ഞിട്ടു്. അതിന്റെ വക്താക്കൾ ആത്മാർത്ഥ പ്രവർത്തകരും നിഷ്കാമ സേവകരുമാണ്. **ഡോക്ടർ ത്വാഹാ ജാബിർ ഫയ്യാള് അൽ ഉൽവാനീ**

ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

ർ അക്കാദമി പ്രസിദ്ധീകരിക്കുന്നു്.

## വെബ്സെറ്റ്

നാല് ഭാഷകളിൽ പ്രവർത്തിക്കുന്ന അക്കാദമിയുടെ വെബ്സറ്റ് വളരെ ശ്രദ്ധേയവും ലോകം മുഴുവൻ സ്വീകാര്യവുമാണ്. അക്കാദമിയുടെ പ്രവർത്തനങ്ങളും പരിപാടികളും അതിൽ വിവരിക്കപ്പെട്ടിരിക്കുന്നു. അക്കാദമീ രചനകൾ അതിൽ നിന്നും സൗജന്യമായി ഡൗൺലോട് ചെയ്യാവുന്നതാണ്.

## വിലാസം www. ifa-india. org

## അന്താരാഷ്ട്ര വൈജ്ഞാനിക ബന്ധം

മക്കാ മുകർറമയിലെ ഫിഖ്ഹ് അക്കാദമിയുടെ പരിപാടിയിലടക്കം 30 ലേറെ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ അക്കാദമി പണ്ഡിതർ പങ്കെടുത്തിട്ടു്. അക്കാദമി ജനറൽ സെക്രട്ടറി മൗലാനാ ഖാലിദ് സൈഫുല്ലാഹ് റഹ്മാനീ മക്കയിലെ ഫിഖ്ഹ് അക്കാദമി അംഗമാണ്. നിരവധി അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിൽ അക്കാദമിയുടെ തീരുമാനങ്ങൾ പ്രാധാന്യപൂർവ്വം ഉദ്ധരിക്കപ്പെട്ടിട്ടു്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി വിജ്ഞാന കേന്ദ്രങ്ങളുമായി അക്കാദമി പ്രത്യേക ബന്ധം പുലർത്തുന്നു്.

---

## വിശിഷ്ട വ്യക്തിത്വങ്ങളും അതിഥികളും

ഫക്കീഹുൽ ഇസ്‌ലാം അല്ലാമാ മുജാഹിദുൽ ഇസ്‌ലാം ഖാസിമി തുടക്കംകുറിച്ച ഈ മഹത്തായ പ്രവർത്തനത്തിൽ അദ്ദേഹത്തിന്റെ കാലംമുതൽ ഇന്നുവരെയുള്ള പണ്ഡിത മഹത്തുക്കൾ എല്ലാവരും സഹകരിച്ചിട്ടു്. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സമുന്നതരായ നിരവധി പണ്ഡിത പടുക്കൾ ഈ സമ്മേളനങ്ങൾക്കുവേി മാസങ്ങളോളം പഠനങ്ങൾ നടത്തുകയും പ്രബന്ധങ്ങൾ തയ്യാറാക്കുകയും സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടു്.

### പ്രഗത്ഭമതികളുടെ അഭിപ്രായങ്ങൾ

ഇന്ത്യയിലെ മതപണ്ഡിതർക്കിടയിൽ ഐക്യമുാക്കുന്നതിനും ഇസ്‌ലാമിക പ്രവർത്തനത്തിന് ദിശാബോധം നൽകുന്നതിനും സാമൂഹിക സേവനത്തിനുള്ള സന്നദ്ധത വളർത്തുന്നതിനും ഇസ്‌ലാമിക് ഫിഖ്ഹ് അക്കാദമി ചെയ്തുകൊിരിക്കുന്ന ആത്മാർത്ഥമായ സേവനങ്ങളെ ഞാൻ അങ്ങേ



വിജ്ഞാനങ്ങളോട് വലിയ പ്രതിപത്തിയും ആവേശവും പുലർത്തുന്ന കേരളക്കരയിൽ ആകമാനം പ്രത്യേകിച്ചും ലോകം മുഴുവൻ പൊതുവിലും മഹത്തായ ഈ സമ്മേളനം വിജ്ഞാന ചിന്തകളുടെയും പഠനപര്യവേഷണങ്ങളുടെയും ആഴവും പരപ്പുമുള്ള ശാശ്വത ചലനം സൃഷ്ടിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഫിഖ്ഹ് അക്കാദമിയുടെ ഈ വിജ്ഞാന സംഗമവും എല്ലാ പ്രവർത്തനങ്ങളും എളുപ്പമാകുന്നതിനും വിജയിക്കുന്നതിനും എല്ലാവരും ആത്മാർത്ഥമായി ദുആ ഇരക്കുകയും കഴിയുന്ന നിലയിലെല്ലാം സഹകരിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് സ്നേഹ പുരസ്സരം താൽപര്യപ്പെടുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ!

## മറ്റു പ്രവർത്തനങ്ങൾ

### കർമ്മശാസ്ത്ര വിജ്ഞാന കോശം

കുവൈറ്റ് മതകാര്യവകുപ്പ് തയ്യാറാക്കിയ 45 വാല്യങ്ങളുള്ള ഇസ്‌ലാമിക കർമ്മശാസ്ത്ര വിജ്ഞാനകോശം അക്കാദമി ഉർദുവിലേക്ക് തർജ്ജമ ചെയ്തു. ഹിജ്‌രി 13-ാം നൂറ്റാുവരെയുള്ള മുഴുവൻ ഫിഖ്ഹ് സേവനങ്ങളും ഇതിൽ അദ്ഭുതകമായി ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നു.

### കൈയ്യെഴുത്ത് ഗ്രന്ഥങ്ങളുടെ പ്രസാധനം

ഇന്ത്യയിലെ പല ഗ്രന്ഥാലയങ്ങളിലുമുള്ള ഇസ്‌ലാമിക ഗ്രന്ഥങ്ങളുടെ കയ്യെഴുത്ത് പ്രതികൾ കത്തെി പ്രസിദ്ധീകരിക്കുന്നതിനുള്ള ശ്രമങ്ങൾ അക്കാദമി നടത്തിക്കൊിരിക്കുന്നു.

### ഗവേഷണ പരിശീലനം

മതസ്ഥാപനങ്ങളിൽ പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നവർക്ക് മത വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് പരിശീലനം നൽകുന്നതിനായി ര് വർഷത്തെ ഒരു മുഴു സമയകോഴ്സ് അക്കാഡമി നടത്തുന്നു്. വിദ്യാർത്ഥികളുടെ എല്ലാ ചിലവുകളും വഹിക്കുന്നതിനുപുറമെ മാസാന്ത്യ സ്റ്റൈപന്റും നൽകുന്നു.

### മതസ്ഥാപനങ്ങളിൽ പ്രഭാഷണം

മതസ്ഥാപനങ്ങളിലെ കുട്ടികൾക്ക് ആധുനികവിജ്ഞാനങ്ങളിൽ ആവശ്യമായ അറിവ് നൽകുന്നതിന് അക്കാദമി അവിടങ്ങളിൽ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നു. നിരവധി സ്ഥാപനങ്ങളിൽ ഇതിനകം പ്രഭാഷണങ്ങൾ നടന്നുകഴിഞ്ഞു. ഇപ്പോഴും നടന്നുകൊിരിക്കുന്നു.

## ശിക്ഷണ ക്യാമ്പുകൾ

മത കലാലയങ്ങളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്ക് ആധുനിക വിജ്ഞാനങ്ങളിലും അത്യാവശ്യമായ അറിവും ആവശ്യമായ ശിക്ഷണപരിശീലനങ്ങളും നൽകുന്നതിന് അക്കാദമി ശിക്ഷണ ക്യാമ്പുകൾ സംഘടിപ്പിക്കാറു്. ആദ്യസംഗമം 1992 സെപ്റ്റംബർ ഒന്ന് മുതൽ മൂന്നുവരെ ഗാസിയാബാദിൽ വെച്ചാണ് നടന്നത്. അഞ്ചുദിവസം നീുനിന്ന രാം സംഗമം 1993 ജൂണിൽ ബസ്തിയിൽ നടന്നു. 1993 ൽ തന്നെ സെപ്റ്റബർ 22 മുതൽ 25 വരെ ഗാസിയാബാദിൽ വെച്ച് മൂന്നാം സംഗമം നടന്നു. വൈവിധ്യമാർന്ന പരിപാടികൾകൊ് ശ്രദ്ധേയമായിരുന്നു മൂന്ന് സമ്മേളനങ്ങളും. പൗരാണിക ആധുനിക വിജ്ഞാനങ്ങളുമായി ബന്ധമുള്ള ഉന്നത പഠനങ്ങളും പരിശീലനങ്ങളും അതിൽ നടക്കുകയുായി.

## വർക്ക്ഷോപ്പുകൾ

ഇസ്‌ലാമിക കർമ്മശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങളെ കുറിച്ചുള്ള ആഴമേറിയ ചർച്ചകൾക്കുവേി വിവിധ സ്ഥലങ്ങളിൽ വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുകയുായി. 1992–93 വർഷങ്ങളിൽ യൂപിയിൽ മൂന്ന് സദസ്സുകളും 2003–2006 വർഷങ്ങളിൽ ഡൽഹിയിൽ നാല് സദസ്സുകളും നടത്തി. തുടർന്ന് നടന്ന സ്ഥലങ്ങളും സമയങ്ങളും ഇവയാണ്. 2007: ഹൈദരാബാദ്, ലക്നൗ, കോഴിക്കോട്, പാട്ന, അഅ്ളംഗഡ്, ഉമറാബാദ്, ശാന്തപുരം. 2008 ഡൽഹി, ദേവ്ബന്ദ്, ലക്നൗ. 2009 ഹൈദരാബാദ്. 2010 ഡൽഹി. 2011 അഅ്ളംഗഡ്, ലക്നൗ, ദേവ്ബന്ദ്. 2012–2013 ഡൽഹി. 2014 ഹൈദരാബാദ്. ഇന്ത്യയിലും വിദേശത്തുമുള്ള പ്രഗത്ഭ പണ്ഡിതർ നേതൃത്വം നൽകിയ ഈ പരിപാടികളിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ: ഫിഖ്ഹ് അദ്ധ്യാപക പരീശീലനം, ഷരീഅത്തിന്റെ ലക്ഷ്യങ്ങൾ, അറബി ഭാഷാ പഠനം, ന്യൂനപക്ഷത്തിന്റെ കർമ്മശാസ്ത്രം, പുതിയ ഫിഖ്ഹ് മസ്അലകൾ, ഉസൂലുൽ ഫിഖ്ഹ്, ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രം, ചിന്താവികാസം, നാല് മദ്ഹബുകളുടെ സംയുക്ത അടിസ്ഥാനങ്ങൾ, പഠന ഗവേഷണ രീതികൾ, ഖുർആൻ പഠനം.

## പ്രത്യേക പരിപാടികൾ

ഇതുകൂടാതെ ഓരോ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിര സമ്മേളനങ്ങളും അക്കാദമി സംഘടിപ്പിക്കുകയുായി. സ്വാതന്ത്ര്യ സങ്കൽപ്പം (2006 ഡൽഹി) മദ്റസകളിൽ ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുക, (2009 ഡൽഹി) സ്ത്രീകളുടെ അവകാശങ്ങൾ (2009, അലീഗഡ്), ഫിഖ്ഹ് വിജ്ഞാന കോശം പ്രകാശനം (2009 ഡൽഹി) മുസ്‌ലിംകളുടെ സാമ്പത്തിക



പുരോഗതിയുടെ സാധ്യതകൾ. (2009 ഡൽഹി) ഫിഖ്ഹ് പഠിപ്പിക്കേതെങ്ങനെ? (2009 ദേവ്ബന്ദ്) ന്യൂനപക്ഷ അവകാശങ്ങളും ഇസ്‌ലാം പേടിയും. (2010 ഡൽഹി.) ഇന്ത്യയിലെ ഫത്വയും ഖളാഉം (2010 ലക്നൗ) കുടുംബം, (2010 ഹൈദരാബാദ്) മനുഷ്യാവകാശം. (2011 അലീഗഡ്), ഫിറങ്കീ മഹൽ പണ്ഡിതർ (2011 ലക്നൗ). ഇസ്‌ലാമിക നിയമങ്ങളുടെ മഹത്വം. (2011 ഡൽഹി.) ദീനീ വിദ്യാഭ്യാസത്തിന്റെ പ്രശ്നങ്ങൾ( 2011 പാട്ന) ഉസ്മാനീ ഭരണത്തിനു മുമ്പായി ഇന്ത്യൻ മുസ്‌ലിംകളുടെയും തുർക്കിയുടെയും ഇടയിലുള്ള ഫിഖ്ഹി ബന്ധം, (2011 ഇസ്താംബൂൾ, തുർക്കി) ഇസ്‌ലാമിലെ രാഷ്ട്രീയ നിയമങ്ങൾ (2012 അലീഗഡ്) സ്വാതന്ത്ര്യവും ഇസ്‌ലാമിക ഫിഖ്ഹും( 2012 ഡൽഹി.) ഇന്ത്യയുടെ ഫിഖ്ഹീ സമ്പത്ത് (2012 അഅ്സംഗഡ്) ഇന്ത്യയിലെ ഷാഫിഈ പണ്ഡിതരുടെ സേവനങ്ങൾ, (2013 ശ്രീവർദ്ധൻ) മതങ്ങൾക്കിടയിലുള്ള ഡയലോഗ് (2013 ഡൽഹി) അറബി ഭാഷയും ഇന്ത്യയും (2013 ഡൽഹി) വഖ്ഫ് സ്വത്തുക്കൾ, (2014 ബാംഗ്ലൂർ)

## ഫത്വാലയം

വിവിധ വിഷയങ്ങളുടെ മതവിധികളാരായുന്ന അസംഖ്യം കത്തുകൾ ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നും അക്കാദമിക്ക് ലഭിച്ചുകൊിരിക്കുന്നു. അവയുടെ അന്വേഷണങ്ങൾക്ക് തപാലിലും ഇ–മെയിലിലും മറുപടി നൽകുന്നതിനുള്ള സ്ഥിരം സംവിധാനം അക്കാദമി ചെയ്തിട്ടു്.

## പ്രസിദ്ധീകരണങ്ങൾ

അക്കാദമി ഇതിനകം 41 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടു്. പന്ത്ര് പുസ്തകങ്ങൾ അച്ചടിക്ക് തയ്യാറായിട്ടു. കർമ്മശാസ്ത്ര സെമിനാറുകൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു്. വിവിധ സെമിനാറുകളിൽ അവതരിപ്പിക്കപ്പെട്ട ഏതാന പ്രബന്ധങ്ങൾ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുകയുായി.കൂടാതെ വിദേശത്തുള്ള പണ്ഡിത മഹത്തുക്കളുടെ 73 ഫിഖ്ഹ് രചനകൾ ഉർദുവിലേക്ക് ഭാഷാന്തരം ചെയ്തു. 15 ഉർദു ഗ്രന്ഥങ്ങൾ അറബിയിലേക്കും. 20 ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലേക്കും മൊഴിമാറ്റം നടത്തി. അക്കാദമിയുടെ പ്രസിദ്ധീകരണ വിഭാഗമായ ഈഫാ പബ്ലിക്കേഷൻസ് വഴിയായിട്ടാണ് ഇത് വിതരണം ചെയ്യപ്പെടുന്നത്.

## ലൈബ്രറി

5000 ലേറെ ഗ്രന്ഥങ്ങൾ സൂക്ഷിക്കപ്പെടുന്ന ഒരു ലൈബ്രറി അക്കാഡമിയുടെ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നു്. കൂടാതെ വൈജ്ഞാനികമായ ഒരു കല